## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2007-2008 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 , 3-6- സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.3570/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 30/11/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 07/04/2015-ലെ എം3-10060/15 നമ്പർ കത്ത്.

2) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 04/09/2015-ലെ നം. എൽ.എഫ്. 7559/പി.റ്റി2/2015 നമ്പർ കത്ത്.

### ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2007-2008 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം "പേപ്പർ ക്യാരിബാഗ് നിർമ്മാണയൂണിറ്റ് സ്ഥാപിക്കൽ" എന്ന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിനും അനുബന്ധച്ചെലവുകൾക്കുമായി വികസനഫണ്ടിൽ നിന്നും 30000 രൂപ(മുപ്പതിനായിരം രൂപ) ചെലവഴിച്ചതിനും ഖണ്ഡിക 3-6 പ്രകാരം സർക്കാർ മാർഗ്ഗരേഖക്കുവിരുദ്ധമായി "മണ്ണിരകമ്പോസ്റ്റ് നിർമ്മാണം" എന്ന പദ്ധതിക്കായി 20000 രൂപ(ഇരുപതിനായിരം രൂപ മാത്രം) സബ്സിഡി നൽകിയതിനും സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ആഡിറ്റ് നിർദ്ദേശിച്ചിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 20-08-2013 ലെ V(7)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, V(8)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് ഡയരക്ടർ മുഖേന പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ

വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ 3-5,3-6 എന്നീ ഖണ്ഡികകൾ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു പദ്ധതി അംഗീകരിച്ച ശേഷം പദ്ധതിയിൽ മാറ്റം വരുത്തി ഭാഗികമായി നടപ്പിലാക്കുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിൻറെ 2007-2008 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം "പേപ്പർ ക്യാരിബാഗ് നിർമ്മാണയൂണിറ്റ് സ്ഥാപിക്കൽ" എന്ന പദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിനും അനുബന്ധച്ചെലവുകൾക്കുമായി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 30,000 രൂപ (മുപ്പതിനായിരം രൂപ) തനതുഫണ്ടിൽ നിന്നും വകയിരുത്തി, തിരിച്ചടക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. 2007-2008 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 20,000 രൂപയ്ക്ക് (ഇരുപതിനായിരം രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മൈലപ്ര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ